പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.1190 06.02.2020 -ൽ മറുപടിയ്ക്ക്.

## സബ്-രജിസ്ട്രാർ ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ

**ചോദ്യം**

**ശ്രീ.ജെയിംസ് മാത്യു**

**,, എസ്.ശർമ്മ**

**,, പുരുഷൻ കടലുണ്ടി**

,, പി. ഉണ്ണി

**ഉത്തരം**

**ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | 'പുതിയ കാലം പുതിയ സേവനം' എന്ന മുദ്രാവാക്യം മുൻനിർത്തി രജിസ്ട്രേഷൻ വകുപ്പിൽ ഈ സർക്കാർ പുതിയ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | 'പുതിയ കാലം പുതിയ സേവനം' എന്ന മുദ്രാവാക്യം മുൻനിർത്തി രജിസ്ട്രേഷൻ വകുപ്പിൽ ഈ സർക്കാർ ഏർപ്പെടുത്തിയ പുതിയ പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ആധാര വിവരങ്ങൾ ഓൺലൈനായി അറിയുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് കൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം.<br>2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം.<br>3. ഒരു ലക്ഷം രൂപയ്ക്കു മുകളിൽ മുദ്രവില ഒടുക്കേണ്ടി വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.<br>4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.<br>5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് |

ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.
7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.
8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.
9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം.
10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനു വേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും, ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.
11. ചിട്ടി രജിസ്ട്രേഷൻ നടപടികൾക്കുള്ള ഓൺലൈൻ സംവിധാനം.
12. രജിസ്ട്രേഷൻ വകുപ്പിനു കീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം.
13. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന

| | | | |
|---|---|---|---|
| | | | ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെ തന്നെ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം. |
| (ബി) | ഓഫീസുകൾ അഴിമതി രഹിതമാക്കുന്നതിന്റെ ഭാഗമായി സബ്-രജിസ്ട്രാർ ഓഫീസുകളിൽ ഏതെല്ലാം സേവനങ്ങൾക്കുള്ള ഫീസ് ആണ് ഇ-പേയ്മെന്റായി സ്വീകരിക്കുന്നത്; | (ബി) | ഓഫീസുകൾ അഴിമതി രഹിതമാക്കുന്നതിന്റെ ഭാഗമായി സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും നൽകുന്ന സേവനങ്ങളിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റിനുള്ള ഫീസ്, രജിസ്ട്രേഷൻ ഫീസ്, സ്പെഷ്യൽ മാര്യേജ് അപേക്ഷയ്ക്കുള്ള ഫീസ്, സർട്ടിഫൈഡ് പകർപ്പുകൾക്കുള്ള തെരച്ചിൽ ഫീസ്, ചിട്ടി രജിസ്ട്രേഷൻ ഫീസ് എന്നിവയ്ക്കുള്ള ഫീസുകൾ ഇ-പേയ്മെന്റായി സ്വീകരിക്കുന്നു. |
| (സി) | പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാകുന്ന രീതിയിൽ ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് ഫീസ് അടയ്ക്കുന്ന ഇലക്ട്രോണിക് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാകുന്ന രീതിയിൽ ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് ഫീസ് അടയ്ക്കുന്ന ഇലക്ട്രോണിക് (ഇ-പോസ്) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ ഫെഡറൽ ബാങ്ക് സൗജന്യമായിട്ടാണ് ഇ-പോസ് (Point of Sale -PoS) മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളത്. രജിസ്ട്രേഷൻ വകുപ്പ് മുഖാന്തിരം ലഭ്യമാകുന്ന വിവിധ സേവനങ്ങൾ ലഭ്യമാകുന്നതിന് ഇ-ട്രഷറി മുഖാന്തിരം ഫീസുകൾ ഒടുക്കുന്നതിനും, ആധാര രജിസ്ട്രേഷൻ സമയത്ത് കൂടുതലായി ഫീസ് ഒടുക്കേണ്ട അവസരത്തിൽ കക്ഷികൾക്ക് ട്രഷറിയിൽ പോകാതെ തന്നെ ഓഫീസിൽ നിന്നും ഫീസ് ഒടുക്കുന്നതിനും പ്രസ്തുത സംവിധാനത്തിലൂടെ സാധിക്കുന്നു. |
| (ഡി) | സബ്-രജിസ്ട്രാർ ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് തടസ്സരഹിതമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടേയും തകരാറുകളും, നെറ്റ് വർക്ക് തകരാറുകളും യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിലേക്കാവശ്യമായ പുതിയ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ |

| | |
|---|---|
| | തടസ്സരഹിതമായി നൽകുന്നതിനായി യു.പി.എസ് സംവിധാനത്തിലെ തകരാർ യഥാസമയം പരിഹരിക്കുന്നതിനും തകരാറിലാകുന്ന യു.പി.എസ് ബാറ്ററികൾ യഥാസമയം മാറ്റി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**